പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6716 01.11.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സിയിലെ കരാർ പണികളിലെ അപാകത

ചോദ്യം ഉത്തരം

ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. സണ്ണി ജോസഫ്
ശ്രീ. എം. പി. വിൻസെന്റ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നടത്തുന്ന മരാമത്തു പണികളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. നടത്തുന്ന മരാമത്ത് പണികളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധമായി പരാതി ലഭിച്ചാൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പല കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും നടക്കുന്ന ബിൽഡിംഗ്, ടാറിംഗ് ഉൾപ്പെടെയുള്ള പണികളിൽ കരാറുകാർ നിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിക്കുന്നതുമൂലം കെട്ടിടങ്ങൾ മഴക്കാലങ്ങളിൽ ചോർന്നൊലിക്കുകയും കേടുപാടുകൾ സംഭവിക്കുകയും ഡിപ്പോകളിൽ കുണ്ടും കുഴിയും രൂപപ്പെടുകയും ചെയ്യുന്നതുകാരണം യാത്രക്കാർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാൻ നടപടിയെടുക്കുമോ ; | (ബി) | കരാറുകാർ നിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഉറപ്പ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിലവാരമില്ലാത്തതും ഗുണമേൻമ കുറഞ്ഞതുമായ സാധനങ്ങൾ ഉപയോഗിക്കുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ